ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**നം.എസിഡി എസ്.പി.സി(1)/75263/17/എച്ച്.എസ്.ഇ.** **തീയതി. 26/05/2017**

## <u>സർക്കുലർ</u>

**വിഷയം** - ഹ.സെ.വി.- ജലസംരക്ഷണം, വനവൽക്കരണം പദ്ധതികൾ - സ്കൂൾതല ഏകോപനം - സംബന്ധിച്ച്.

**സൂചന** - 1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.05.17-ലെ 34144/2017/ ഡി.പി.ഐ. നമ്പർ സർക്കുലർ.

2. പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ 24.05.17-ലെ 67/Secy/2017/ പൊ.വി.വ നമ്പർ കുറിപ്പ്.

സൂചന (1) പ്രകാരം "ഹരിത കേരളം" വനവത്ക്കരണപരിപാടിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കൂളുകളിൽ "എന്റെ മരം" പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം ഒരേ ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ മഴക്കുഴി നിർമ്മാണം, വൃക്ഷത്തൈ നടൽ **(Planting of Saplings)** തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും വൃക്ഷത്തൈ എത്തിക്കുന്നതിനായി ഒരു സ്കൂളിന് ഒരു വാഹനം മാത്രമേ ഉപയോഗിക്കാവൂയെന്നും, ഈ പ്രവർത്തനങ്ങളുടെ മുന്നൊരുക്കങ്ങളും കണക്കെടുപ്പും 02/06/2017 ന് മുമ്പായി ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവർ കൂടിയാലോചിച്ച് പൂർത്തീകരിക്കണമെന്നും പൊതു വിദ്യാഭ്യാസ സെക്രട്ടറി നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ ബന്ധപ്പെട്ട സ്കൂൾ അധികാരികൾ കൈക്കൊള്ളേണ്ടതാണ്.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**

**ഡയറക്ടർ (i/c)**